I ഇ.ബി. XII - കേരള നിയമസഭ/XVII-13

# പന്ത്രണ്ടാം കേരള നിയമസഭ

പതിനേഴാം സമ്മേളനം

## നിയമസഭാ നടപടികൾ-സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2011 ഫെബ്രുവരി 24, വ്യാഴം

നിയമസഭ രാവിലെ **8.30**-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

എ. പി. ഹംസ, പാലാ കെ.എം. മാത്യു, ഒളിമ്പ്യൻ സുരേഷ്ബാബു, ആറന്മുള പൊന്നമ്മ, കെ.പി. പത്മനാഭൻ എന്നിവരുടെ നിര്യാണം

മുൻ നിയമസഭാംഗമായിരുന്ന എ. പി. ഹംസ, മുൻ ലോക്സഭാംഗവും മുതിർന്ന കോൺഗ്രസ്സ് നേതാവും സ്വാതന്ത്ര്യസമര സേനാനിയുമായിരുന്ന പാലാ കെ.എം. മാത്യു, ഒളിമ്പ്യൻ സുരേഷ്ബാബു, ആറന്മുള പൊന്നമ്മ, നിയമസഭാ സെക്രട്ടറിയായിരുന്ന കെ.പി. പത്മനാഭൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റു നിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## അടിയന്തിര പ്രമേയം

ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കാനുള്ള ശ്രമം

മി. സ്പീക്കർ: ജുഡീഷ്യൽ കമ്മീഷനെ സ്വാധീനിക്കുവാനും ലോട്ടറി മാഫിയാ സംഘത്തെ സഹായിക്കാനും ശ്രമിച്ചതായി പറയപ്പെടുന്ന ആരോപണം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. കെ. ശിവദാസൻ നായർ, സി.ടി. അഹമ്മദ് അലി, പി.സി. ജോർജ്, കെ.പി. മോഹനൻ, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ചെയർ പരിശോധിച്ചപ്പോൾ ഈ വിഷയം സംബന്ധിച്ച് 7-2-2011-ന് അടിയന്തിര പ്രമേയം അനുവദിച്ചിട്ടുള്ളതും 2011 ഫെബ്രുവരി 22, 23 തീയതികളിൽ സഭയിൽ ചർച്ച നടന്നിട്ടുള്ളതും മറുപടി പറഞ്ഞിട്ടുള്ളതുമായതിനാൽ അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): പന്ത്രണ്ടാം കേരള നിയമസഭയുടെ അവസാന ദിവസമായ ഇന്ന് പ്രതിപക്ഷത്തിന് പറയാനുള്ളത് പറയാനും അതിന് ഗവൺമെന്റിന് മറുപടി പറയാനുമുള്ള അവസരം വിനിയോഗിക്കുന്നതാണ് നല്ലത്. ഇന്നലെ ഈ പ്രശ്നത്തിന് മറുപടി പറയാതെ ഇന്ന് ചർച്ചപോലുമില്ലെന്ന് പറയുന്നത് ശരിയല്ല. ഇതുമായി ബന്ധപ്പെട്ട വാർത്തകളാണ് വാർത്താ മാധ്യമങ്ങളിൽ വന്നുകൊണ്ടിരിക്കുന്നത്. ഇക്കാര്യത്തിൽ ഗവൺമെന്റിന് മറച്ചുവയ്ക്കാൻ ഒന്നുമില്ലെങ്കിൽ ഗവൺമെന്റിന് മറുപടി പറയാൻ യുക്തമായ സ്ഥലം നിയമസഭയാണ്. ഗവൺമെന്റിന്

പ്രതിപക്ഷം ഉന്നയിക്കുന്ന കാര്യങ്ങൾക്ക് മറുപടി പറയാൻ ബുദ്ധിമുട്ടുണ്ട് എന്നാണ് ജനങ്ങൾ കരുതുന്നത്. പല പുതിയ വെളിപ്പെടുത്തലുകളും പുറത്തുവന്നുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ വിഷയം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

(പ്രതിപക്ഷാംഗങ്ങളുടെ ബഹളത്തെത്തുടർന്ന് സഭാനടപടികൾ തടസ്സപ്പെട്ടതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത നടപടികളിലേയ്ക്ക് കടന്നു.)

## ശ്രദ്ധ ക്ഷണിക്കൽ

ശ്രീ. കെ.സി. ജോസഫിന്റെ ഒന്നാമത്തെ ശ്രദ്ധക്ഷണിക്കൽ പ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.

ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. പി. വിശ്വൻ: ഗൾഫ് മലയാളികൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ അടിയന്തിര നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): പ്രവാസികൾക്ക് വോട്ടവകാശം നൽകുന്നതിന് കേന്ദ്രനിയമം നടപ്പിൽ വരുത്തുന്നതിനായി 18-2-2011-ന് നോട്ടിഫിക്കേഷൻ ഇറക്കിയിട്ടുണ്ട്. നിലവിൽ തിരുവനന്തപുരത്തെ മുഖ്യകാര്യാലയം മുഖേന നടത്തുന്ന ക്ഷേമനിധി പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിന് 20-12-2010-ലെ ഉത്തരവുപ്രകാരം എറണാകുളത്തും കോഴിക്കോട്ടും മേഖലാ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി പൂർത്തിയായിട്ടുണ്ട്. അക്ഷയകേന്ദ്രങ്ങൾ വഴി അംശദായം അടയ്ക്കുന്നതിനുള്ള സജ്ജീകരണങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള യാത്രാനിരക്ക് കുറയ്ക്കണമെന്ന ആവശ്യം എയർ ഇൻഡ്യ

പരിഗണിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നാട്ടിൽ തിരിച്ചെത്തിയ പ്രവാസികൾക്ക് വാണിജ്യബാങ്കുകളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ജയിലുകളിൽ കഴിയുന്ന മലയാളികളുടെ മോചനത്തിന് അതാത് എംബസ്സികളുടെ സഹായത്തോടെ നടപടി സ്വീകരിച്ചുവരുന്നു.

**മേശപ്പുറത്തുവച്ച കടലാസുകൾ**

കാര്യവിവരപ്പട്ടികയിലെ 3-ാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**നിയമനിർമ്മാണകാര്യം**

(1) 2011-ലെ കേരള ധനകാര്യ ബിൽ

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2011-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

(2) 2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): 2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ കേരള ധനവിനിയോഗ (വോട്ട് ഓൺ അക്കൗണ്ട്) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## 3. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ട പരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിത ബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള

പ്രത്യേക ട്രൈബ്യൂണൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2 മുതൽ 22 വരെയുള്ള വകുപ്പുകളും 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി സഭ അംഗീകരിച്ചു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പ്രമേയത്തെ പിന്താങ്ങുന്നു.

2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## അവകാശ ലംഘനപ്രശ്നങ്ങൾ

മി.സ്പീക്കർ: മൂന്നാറിൽ സർക്കാർ ഭുമിയാണെന്ന് കാണിച്ചുകൊണ്ട് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ബോർഡ് സ്ഥാപിച്ചതു സംബന്ധിച്ച് സഭയിൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി നടത്തിയ പ്രസ്താവനകളിൽ വൈരുദ്ധ്യമുണ്ടെന്ന ശ്രീ. ജോസഫ് എം. പുതുശ്ശേരിയുടെ അവകാശലംഘന നോട്ടീസിന്മേൽ വകുപ്പുമന്ത്രിയുടെ വിശദീകരണം തേടിയതിൽ പ്രസ്താവന കളിൽ യാതൊരു വൈരുദ്ധ്യവുമില്ലായിരുന്നുവെന്നും പരാമർശ വിധേയമായ ഭൂമി ടാറ്റ കമ്പനി അതിക്രമിച്ചു കയ്യടക്കിയതെന്നാണ് പറഞ്ഞിട്ടു ള്ളതെന്നും സഭയുടെ അവകാശങ്ങളെ യാതൊരുവിധത്തിലും ലംഘിച്ചിട്ടി ല്ലെന്നുമുള്ള വിശദീകരണങ്ങൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

പന്തണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിലെ 1277, 3710 എന്നീ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദാ യക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി നൽകിയ മറുപടി സഭയുടെയും അംഗങ്ങളുടെയും അവകാശാധികാരങ്ങളെ ലംഘിക്കുന്നതാണെന്നുള്ള ശ്രീ. പി.സി. ജോർജിന്റെ അവകാലംഘന നോട്ടിസിന്മേൽ വകുപ്പുമന്ത്രിയുടെ

വിശദീകരണം തേടിയതിൽ എനർജി മാനേജുമെന്റ് സെന്ററിന്റെ നിയമാവലി പ്രകാരം എല്ലാ ഉദ്യോഗസ്ഥന്മാരേയും തുടക്കത്തിൽ 5 വർഷത്തേയ്ക്ക് നിയമിച്ച് പ്രവർത്തനം വിലയിരുത്തി തുടരാൻ അനുവദിക്കുകയാണ് ചെയ്യുന്നതെന്നും കരാർ ഉദ്യോഗസ്ഥനെ അനർട്ടിലെ ഡയറക്ടറായി നിയമിച്ചു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും നിയമാനുസൃത നിയമനമാണ് നടത്തിയിട്ടുള്ളതെന്നും നിയമസഭയേയോ സഭാംഗങ്ങളേയോ തെറ്റിദ്ധരിപ്പിക്കുന്നതിന് ഉദ്ദേശമില്ലായിരുന്നുവെന്നും അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ശ്രീ. പി.സി. ജോർജ് നൽകിയ അവകാശലംഘന നോട്ടീസിന് അനുമതി നിഷേധിക്കുന്നു.

## മുഖ്യമന്ത്രിയുടെ പ്രമേയം

മുഖ്യമന്ത്രി (ശ്രീ.വി.എസ്.അച്ചുതാനന്ദൻ) സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

(പ്രതിപക്ഷാംഗങ്ങൾ സഭ ബഹിഷ്ക്കരിച്ചു)

മി. സ്പീക്കർ: 12-ാം കേരള നിയമസഭയുടെ 13 ദിവസം നീണ്ടുനിന്ന അവസാനത്തെ സമ്മേളനം (17-ാം സമ്മേളനം) 2011 ഫെബ്രുവരി 4-ന് നയപ്രഖ്യാപന പ്രസംഗത്തോടെ ആരംഭിച്ച് 2011–2012 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റ് അവതരിപ്പിക്കുകയും 2011 ഏപ്രിൽ മുതൽ 4 മാസത്തേയ്ക്കുള്ള വോട്ട് ഓൺ അക്കൗണ്ടും 2010–2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനുള്ള ധനാഭ്യർത്ഥനയും വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ധനവിനിയോഗ ബില്ലും 2010–2011 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഫൈനൽ സപ്ലിമെന്ററി ഗ്രാന്റിനെ സംബന്ധിക്കുന്ന ധനവിനിയോഗ ബില്ലും ചർച്ച

ചെയ്ത് പാസ്സാക്കുകയും 2011-ലെ കേരള പൊതുപാതകൾ (സംഘം ചേരലിനും ജാഥകൾക്കും നിയന്ത്രണം ഏർപ്പെടുത്തൽ) ബിൽ, 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ എന്നിവ ഐകകണ്ഠ്യേന പാസ്സാക്കുകയുമുണ്ടായി. 2006 മെയ് 18-ന് നിലവിൽ വന്ന 12-ാം കേരള നിയമസഭ 17 സമ്മേളനങ്ങളിലായി 253 ദിവസം സമ്മേളിച്ചു. 5 വർഷത്തിനിടെ 6 നയപ്രഖ്യാപന പ്രസംഗവും 6 ബഡ്ജറ്റ് പ്രസംഗവും അവതരിപ്പിക്കുകയും വലുതും ചെറുതുമായ 139 ബില്ലുകൾ പാസ്സാക്കുകയും ചെയ്തു. നിയമനിർമ്മാണത്തിനു മാത്രമായി കഴിഞ്ഞ 5 വർഷവും പ്രത്യേകമായി സഭ സമ്മേളിച്ചത് 12-ാം കേരള നിയമസഭയുടെ പ്രത്യേകതയാണ്. പാർലമെന്റിലേയും സംസ്ഥാന നിയമസഭകളിലേയും എസ്.സി/എസ്.ടി. സംവരണം ദീർഘിപ്പിക്കുന്നതിനുള്ള ഭരണഘടനാ ഭേദഗതിയെ അംഗീകരിച്ചുകൊണ്ടുള്ള സ്റ്റാറ്റ്യൂട്ടറി പ്രമേയം പ്രത്യേക നിയമസഭാ സമ്മേളനം വിളിച്ചുചേർത്ത് പാസ്സാക്കുകയുണ്ടായി. 1957 മുതൽ 2006 വരെ 14 അടിയന്തിര പ്രമേയങ്ങളാണ് ചർച്ച ചെയ്തിട്ടുള്ളതെങ്കിൽ ഈ സഭയുടെ കാലയളവിൽ 5 അടിയന്തിരപ്രമേയങ്ങൾ ചർച്ച ചെയ്യപ്പെടുകയുണ്ടായി. റൂൾ 130 അനുസരിച്ചുള്ള 5 പ്രമേയങ്ങളിന്മേൽ ചർച്ചയും റൂൾ 300 അനുസരിച്ചുള്ള 30 പ്രസ്താവനകളും നടത്തുകയുണ്ടായി. 424 ശ്രദ്ധക്ഷണിക്കൽ പ്രമേയങ്ങളും 3547 സബ്മിഷനുകളും അവതരിപ്പിക്കപ്പെട്ടു. നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിൽ കാലാനുസൃതവും സമഗ്രവുമായ പരിഷ്കാരങ്ങൾ

വരുത്താൻ കഴിഞ്ഞു. സബ്ജക്ട് കമ്മിറ്റി സമ്പ്രദായം ആരംഭിച്ചതിനുശേഷം ഇപ്പോഴാണ് പുന:സംഘടന നടത്തുന്നത്. സബ്ജക്ട് കമ്മിറ്റികൾ 10-ൽ നിന്നും 14 ആയും അസംബ്ലി കമ്മിറ്റികൾ 19-ൽ നിന്നും 23 ആയും വർദ്ധിപ്പിച്ചു. ഒരു വർഷം നീണ്ടുനിന്ന നിയമസഭയുടെ സുവർണ്ണജൂബിലി ആഘോഷങ്ങൾ വിപുലമായി സംഘടിപ്പിച്ചു. അരനൂറ്റാണ്ടിനു ശേഷം ആൾ ഇന്ത്യാ പ്രിസൈഡിംഗ് ഓഫീസേഴ്സ് സമ്മേളനം നടത്താൻ കഴിഞ്ഞു. 1957 മുതൽ 2007 വരെ പാസ്സാക്കിയ 1350 നിയമങ്ങളെ ക്രോഡീകരിച്ചുകൊണ്ട് 'നിയമനിർമ്മാണത്തിന്റെ 50 വർഷങ്ങൾ' എന്ന ഗ്രന്ഥം പ്രസിദ്ധീകരിച്ചു. നിയമസഭയുടെ നടപടികൾ പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് 1957 മുതൽ 1982 വരെയുള്ള നിയമസഭാനടപടികൾ ഡിജിറ്റൈസ് ചെയ്തു കഴിഞ്ഞു. രണ്ടാംഘട്ടം പൂർത്തീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്. പ്രിന്റുചെയ്ത് പ്രസിദ്ധീകരിക്കാൻ കുടിശ്ശികയുണ്ടായിരുന്ന നിരവധി സെഷനുകളിലെ പ്രൊസീഡിംഗ്സ് സമയബന്ധിതമായി പ്രിന്റുചെയ്ത് നൽകുന്നതിനും പ്രൊഡീഡിംഗ്സ് അതാത് സമയങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നിയമസഭാ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിന് അംഗങ്ങളുടെ നിർലോഭമായ സഹകരണം ലഭിക്കുകയും ബഹു. ഡെപ്യൂട്ടി സ്പീക്കർ, പാനൽ ഓഫ് ചെയർമാന്മാർ എന്നിവർ സഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് സഹായിക്കുകയും ചെയ്തിട്ടുണ്ട്. സഭാനടപടികൾ അർഹിക്കുന്ന ഗൗരവത്തോടെ പത്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിയമനിർമ്മാണത്തിന്റേയും

പാർലമെന്ററി ജനാധിപത്യത്തിന്റേയും മഹനീയ മാതൃകകൾ ഉയർത്തിപ്പിടിക്കാൻ ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. നിയമസഭാ സമ്മേളനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, മന്ത്രിമാർ, കക്ഷിനേതാക്കൾ തുടങ്ങി എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും നൽകിയ പിന്തുണയും സഹകരണവും നന്ദിപൂർവ്വം സ്മരിക്കുന്നു. മാധ്യമപ്രവർത്തകർ, നിയമസഭാ ജീവനക്കാർ, നിയമസഭാ കോംപ്ലക്സിലെ പൊതുമരാമത്ത് വകുപ്പിലെ ജീവനക്കാർ, മറ്റ് വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ജീവനക്കാർ എന്നിവർക്കും നന്ദി രേഖപ്പെടുത്തുന്നു. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് എല്ലാവിധത്തിലുള്ള നന്മകളും ആശംസിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): ഗവൺമെന്റിനുവേണ്ടി കഴിഞ്ഞ 5 വർഷവും വളരെ സ്തുത്യർഹമായ നിലയിൽ അസംബ്ലിയെ നയിച്ച സ്പീക്കർക്ക് എല്ലാവിധത്തിലുമുള്ള നന്ദി രേഖപ്പെടുത്തുന്നു.

മി. സ്പീക്കർ : എല്ലാവർക്കും ഒരിക്കൽക്കൂടി എല്ലാവിധത്തിലുള്ള നന്ദിയും രേഖപ്പെടുത്തിക്കൊണ്ട് സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നു.

സഭ രാവിലെ 10.05-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.